# അരങ്ങൊഴിയുന്ന കോമരങ്ങൾ

അനിൽ കുമാർ തൃക്കൈപ്പറ്റ



ചെമ്പട്ടുചുറ്റി മരമണികെട്ടി ചിലമ്പണിഞ്ഞ് പള്ളിവാളിളക്കി ഉറഞ്ഞ് തുള്ളുന്ന കോമരങ്ങൾ വള്ളുവനാടൻ ഉത്സവങ്ങളുടെ രൗദ്രഭംഗിയാണ്. ഉത്സവങ്ങൾക്ക് ഭക്തിയുടേയും ഭീതിയുടേയും നിറം പകരുന്ന വെളിച്ചപ്പാടുകൾ ഓരോരുത്തരായി അരങ്ങൊഴിയുന്നു.

കോമരങ്ങളിൽ പലരും മരിച്ചതോടെ പല ക്ഷേത്രങ്ങളിലും വെളിച്ചപ്പാടൻമാർ ഇല്ലാത്ത അവസ്ഥയാണ്. അവരുടെ സ്ഥാനത്തേക്ക് അവകാശികളായ പുതിയ തലമുറ കടന്നുവരാൻ മടിക്കുന്നതോടെ ചിലമ്പിനും വാളിനും അവകാശികളില്ലാതാവുന്നു.

കിളിക്കുന്ന് കാവിലെ തപസ്സി തുല്ല്യനായ കോമരം നെല്ലൂർ, കാച്ചിനിക്കാട് വെളിച്ചപ്പാടൻമാർ, ആലഞ്ചേരി കോമരം, മാട്ടായക്കുന്നിലെ വെളിച്ചപ്പാടൻമാർ തുടങ്ങി തിരുമാണ്ഡാംകുന്ന് ക്ഷേത്രവുമായി ബന്ധപ്പെട്ട് പ്രസിദ്ധരായ കോമരങ്ങൾ ഇപ്പോഴും പഴയ തലമുറയുടെ മനസ്സിൽ വീരസ്മരണകൾ ഉയർത്തി നിൽക്കുന്നു.

ഒരു കാലത്ത് ദിവ്യത്വത്തിന്റെ പരിവേഷമുണ്ടായിരുന്ന ഗ്രാമക്ഷേത്രങ്ങളിലെ വെളിച്ചപ്പാടൻമാർക്ക് ദേവിയുടെ പ്രതിനിധി എന്ന ബഹുമാന്യ പദവി നൽകിയിരുന്നു. പട്ടുടുത്ത് ചിലമ്പണിഞ്ഞ് അരമണികെട്ടി പള്ളിവാളിളക്കി ഉറഞ്ഞുതുള്ളുന്ന കോമരങ്ങളുടെ നാവിൽനിന്നും വീഴുന്ന വാക്കുകൾ ദേവിയുടെ അരുളപ്പാടായി കരുതിച്ചിരുന്നു. പ്രശ്ന പരിഹാരത്തിനായി ഗ്രാമീണർ വെളിച്ചപ്പാടന്മാരെ തേടിപ്പോയിരുന്നതും പതിവുകാഴ്ചകളായിരുന്നു.

എന്നാൽ ഇന്ന് ചുരുക്കം ചില ഉത്സവവേദികളിൽ മാത്രമെ ഇവരുടെ സാന്നിദ്ധ്യം. ആവശ്യമായി വരാറുള്ളൂ. പള്ളിവാളിളക്കി ഉറഞ്ഞ് തുള്ളുന്ന ഇവരുടെ പിന്നീടുള്ള അവസ്ഥ ആരും തിരക്കാറില്ല. നിലം കിളക്കുക, മരം കയറുക, കന്ന് പൂട്ടുക തുടങ്ങിയ ജോലികളിൽ ഇവർക്ക് വിലക്കുള്ളതിനാൽ ഉത്സവകാലം കഴിയുന്നതോടെ വേലയെടുത്ത് ജീവിക്കുവാനും കഴിയാതാകുന്നു. "അച്ഛന്റെ കാലത്ത് വർഷം തോറും ദേശത്തെ നൂറിലേറെ കാവുകളിൽ ദേവിയുടെ പ്രതിനിധിയായി ചിലമ്പണിഞ്ഞിരുന്ന കാലം സന്തോഷത്തോടെ സ്മരിച്ചുകൊണ്ടും ഒപ്പം ഇന്നത്തെ അവസ്ഥയിൽ ആവലാതിപ്പെട്ടുകൊണ്ടും പൂക്കോടൻ വേലായുധൻ പറയുന്നു : "നൂറ് കാവുകളുടെസ്ഥാനത്ത് ഇന്ന് ഉത്സവം നടക്കുന്നത് കേവലം അഞ്ചോ ആറോ കാവുകളിൽ മാത്രം". കുടുംബങ്ങൾ തമ്മിൽ കൂടാത്തതും ഏറിയ പണച്ചെലവും പല ഉത്സവങ്ങളും മുടക്കുന്നു. ചില കാവുകൾ ഇരുന്നിടം കോൺക്രീറ്റ് വനങ്ങളും, റബ്ബർ മരങ്ങൾ നിറഞ്ഞതുമാണെന്ന് ദുഃഖത്തോടെ ഇന്നത്തെ ദേശത്തിന്റെ വെളിച്ചപ്പാട് പൂക്കോടൻ വേലായുധൻ കൂട്ടിച്ചേർത്തു. ഏതെങ്കിലും ക്ഷേത്രങ്ങളിൽ ഉത്സവം അടുക്കുമ്പോൾ മാത്രം ഇവരെ തേടിപ്പോകുന്ന ക്ഷേത്രഭാരവാഹികളെപ്പോലെ തന്നെ ; ഉത്സവകാലങ്ങളിൽ മാത്രം ദേവിമേവുന്ന വെളിച്ചപ്പാടന്മാരെ ഉത്സവം കഴിയുന്നതോടെ ദേവിക്ക് പോലും വേണ്ടാതാവുന്നു.